

# ദളങ്ങൾ

## DIGI-MAGAZINE

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## Little Kite

## MMM HSS KUTTAYI

# ആമുഖം

മലപ്പുറം ജില്ലയിൽ മംഗലം ഗ്രാമപഞ്ചായത്തിലെകൂട്ടായി
എന്ന ഗ്രാമ പ്രദേശം
ചരിത്രപരവും സാമൂഹ്യപരവുമായ ഒട്ടേറെ പെരുമയുള്ള
നാടാണിത് ഈനാട്ടിലെ തീരപ്രദേശത്താണ്
എംഎംഎംഎച്ച് എസ്സ് സ്കൂൾ സ്ഥിതി ചെയ്യുന്നത്
**'കൂട്ടായി'** പേരുപോലെതന്നെകൂട്ടായ്മയുടെനാടാണിത്,
കടലിനെയും കടൽതിരകളെയുംസ്നേഹിക്കുന്നഒരുപറ്റം
മത്സ്യതൊഴിലാളികളുടെ മക്കളാണിവിടെ പഠിക്കുന്നവരിൽ
അധികവും.
ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും
സാമുദായികപരവും,സാമ്പത്തികവും സാമുഹികപരവും
വിദ്യാഭ്യാസപരവുമായസവിശേഷതകൾ കാരണം

ഇത് ഞങ്ങളേറ്റെടുത്തതാണ്

തികച്ചും യാദൃശ്ചികമായി

ഈദളം വാടാതെ സൂക്ഷിക്കാൻ

ഞങ്ങൾക്കൊപ്പം ഉണ്ടാവണം

ഞങ്ങളിൽ ചിലരെഴുതിയകുറിപ്പുകളും

സങ്കൽപ്പങ്ങളും മാത്രമാണിതിൽ

തെറ്റുകളുണ്ടാവാം.......

തിരുത്താൻ ഞങ്ങൾക്കൊപ്പമുണ്ടവുമല്ലോ....

# സമർപ്പണം



കൂടെനിന്നവർക്ക്

# അമ്മ


ഒരു കുഞ്ഞുപൂവിനേ
ഇളം കാറ്റുതഴുകുന്ന
പോലെയാണമ്മതൻ
സ്നേഹം
മാനത്തു മിന്നിത്തിളങ്ങുന്ന
നക്ഷത്ര ദീപങ്ങൾ പോലെ
പൊൻപ്രഭതൂകി
തെളിഞ്ഞ വെൺ
പൗർണ്ണി തിങ്കൾ പോലെ
യാണമ്മതൻ സ്നേഹം
ആഴകടലിൻറ
അഗതതപോലെയാണമ്മതൻ
സ്നേഹം


# ചോക്കുപൊടി

വൈശാഖ് (10എ)

കറുത്ത ബോർഡിന്നടിയിൽ
പാറിക്കിടക്കും
തൂവെള്ളപ്പൊടി ഞാൻ!
അക്ഷരത്തിൽ നിന്നു പൊടിഞ്ഞടർന്ന
വിദ്യയുടെ അംശമാണു ഞാൻ.
അക്ഷരപ്പറ്റുള്ളവർ
മുകളിൽ
വാക്കായി, വാചകമായി തിളങ്ങി,
ഞാനിവിടെ
അക്ഷരമാവാൻ കഴിയാതെ
തറയിലിത്തിരി
ചോക്കുപ്പൊടിയായി മയങ്ങി
പുറത്തുപോവാനിനിയൊരു
ചൂലിന്റെ കനിവ് മാത്രം.




അമ്പിളിക്കമ്പിളിൽ
അമ്പിളിക്കമ്പിളിൽ വെള്ളമുണ്ടെന്നെന്റ്
അപ്പൂപ്പൻ പണ്ടു പറഞ്ഞിരുന്നു
അമ്പിളിക്കമ്പിളിൽ
വെള്ളമുണ്ടെന്നോതി
അപ്പൂപ്പൻ ദൂരെ മറഞ്ഞു പോയി
നിത്യവും മാനത്തു നോക്കവേ
ഞാനോർക്കും അമ്പിളിക്കമ്പിളിൽ-
വെള്ളമുണ്ടോ?
പാടിച്ചിലമ്പിച്ച പാഴ്മുളം പാട്ടിന്
അപ്പൂപ്പന്റ് സ്വരമുണ്ടോ ?.......


ഗുരുനാഥാൻ
അറിവിൻ മുത്ത്തുറന്നു തരും
അറിവിന്നുടയോൻ ഗുരുനാഥൻ
അറിവിൻ വിദ്യ തുറന്നുതരും
അലിവോടെന്നും ഗുരുനാഥൻ
അജ്ഞാതമുറ്റം പാതകളിൽ
ജ്ഞാനവെളിച്ചം തൂകീടും
സത്യത്തിൽ വഴി കാണിക്കും
എന്നും നമ്മുടെ ഗുരുനാഥൻ
ഗുരുവിൻ വാക്കുകൾ കേട്ടിട്ട്
നന്നായി നമ്മൾ ശ്രമിച്ചെന്നാൽ
എത്താം ഉയരാം ലക്ഷ്യത്തിൽ


# നിളയോട്

ദു:ഖസാന്ദ്രമാം തീരങ്ങളിൽ
കത്തിരിപ്പൂ നിൻ കാലനെ
കാണുന്നുവോ നിളയേ
ഇരുളിലേക്ക് വഹിച്ചുകൊണ്ടുപ്പോകുന്നിതാം
ആരുടെയൊക്കെയോ പ്രേരണയിൽ
കരഞ്ഞുക്കലങ്ങിയ നിൻ കണ്ണീർദളങ്ങൾ
മണിമുത്തുപ്പോൽ പൊഴിയുന്നിതാ
ഈ വേളയിൽ
ഒരു നാൾ നീ ഏവർക്കും പ്രിയതമ
ഇപ്പോൾ വെറും
പാഴ് വസ്തു നിറച്ചൊരു സഞ്ചി മാത്രം

നാഫിയ ഫർവീൻ

# വീണ്ടുമൊരോണത്തിനായി

ഓണം വരുമ്പോൾ
പൂക്കൾ വിരിയും......
സദ്യ
ഓണക്കോടികൾ........
മാവേലി
ഓണം കഴിഞ്ഞാൽ
പൂക്കൾ കരിയും
കഞ്ഞി.......
പഴയ ഉടുപ്പുകൾ
കാത്തിരിപ്പു......
വീണ്ടുമൊരോണം !..........""


ഇരുട്ട്
സന്ധ്യയ്ക്ക്
ദീപം തെളിയുന്ന നേരത്ത്
നീ വന്നു നിശ്ശബ്ദമരികിൽ
പാഠങ്ങൾ ചൊല്ലി
പഠിക്കുന്ന നേരത്ത്
നീവിളക്കിനപ്പുറത്തുണ്ടായിരുന്നു
അത്താഴക്കഞ്ഞിക്ക്
അനിയൻ കലഹിക്കവേ
ജനലിനപ്പുറം
നീ നിൽപ്പതറിഞ്ഞു ഞാൻ
ഉറങ്ങാൻ കിടന്നപ്പോൾ
നീ സഖി പോൽ
ചേർത്തുപിടച്ചെന്നെ
പാട്ടുകൾ പാടി
കഥകൾ ചൊല്ലി
ഉറക്കി .....
പുലരുമ്പോൾ എങ്ങുമറഞ്ഞുപോയ
നിന്നെ തേടി നടന്നു ഞാൻ


മലയാളി
പുഴയോരത്തെ വയലുകളെല്ലാം
കൊയ്യാനെത്തും മലയാളി
കേരംതിങ്ങും കേരളനാടിൻ
കേളികൾ പാടും മലയാളി
ഓണം റംസാൻ ക്രിസ്സ്‌മസ്സ് ല്ലാം
ഒരുമിച്ചുണ്ണും മലയാളി
പിറന്നമണ്ണേ സ്നേഹിച്ചുള്ളൊരു
നേരറിവുള്ളൊരു മലയാളി
മഞ്ജുഷ.കെ. VIII.B


ഒരിക്കൽ മാത്രം
എനിക്കേറ്റവും പ്രിയപ്പെട്ട ശലഭം
നീയായിരുന്നു.
നിനക്കുവേണ്ടി ഞാൻ
ഇതളുകൾ വിടർത്തി?
നിറമാർന്നൊരെൻ ചൊടികളിൽ
നീ തഴുകിത്തലോടിയെൻകിലും
ഏതോ നിറവസന്തം വന്നുവിളിച്ചപ്പോൾ
നീ എങ്ങോ പറന്നുപോയ്
ഒടുവിൽ ഒരു ശരത് സന്ധ്യയിൽ
നീയെന്നെ വീണ്ടും തേടിയെത്തി
അന്നെന്റെ ദളങ്ങൾകൊഴിഞ്ഞു
ഞാൻ വീഴാൻ ഒരുങ്ങുകയായിരുന്നു
ഒരു പൂവിന്
ഒരിക്കലല്ലേ വിരിയാൻ കഴിയൂ.
ഷഹന .കെ.പി

# സ്കൂൾ പച്ചക്കറിത്തോട്ടം



ഏതു മരുഭൂമിയിലും പിച്ചവെച്ചിടും

ചെറുനാമ്പായി

ഒരു തലോടലിൽ ഉയരും പുതുമോടിയായി



# വിളവെടുപ്പ്



# വിളവെടുപ്പുകാലത്തെ പാട്ടുത്സവം



# സ്കൂൾ മുറ്റത്തൊരു കഥകളി



# കൂടേ ഞങ്ങളുമുണ്ട്..........



# ലിറ്റിൽകൈറ്റ് പരിശീലനത്തിൽ



# പൊരിവെയിലൊത്തൊരു തണലേകാൻ
# പരിസ്ഥിതി ദിനത്തിൽ




പഴയനാളുകൾ-ഒരോർമചിത്രം

നിറം മങ്ങിയപായയിൽ മുഖംചേർത്ത്
കാലമത്രയും തിരിഞ്ഞോടി
കാലമെനിക്കായ് തന്നൊരു ഓർമതൻ
കളിച്ചിത്രങ്ങൾ










ഈ വൃദ്ധസദനത്തിൽ
ഒറ്റയ്ക്കിരിക്കുമ്പോൾ
തെളിയുന്നില്ല പുതിയതൊന്നും
കൗതുകമായി ഓർമ്മയിൽ.......


എന്താ മഴ!

# പ്രളയം വന്നു വിളിച്ചപ്പോൾ

ഓരോ മഴയും പെയ്തിറങ്ങുമ്പോൾ പ്രളയത്തെ കുറിച്ചാരുമറിഞ്ഞില്ല

പക്ഷെ, നമ്മൾ തന്നെ വരുത്തിവച്ച വിനായാണിതെന്ന് ആരും ചിന്തിക്കുന്നില്ലെന്നതും സത്യം

അതുകൊണ്ടു തന്നെ പ്രളയകാല ചിത്രങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത് ഭാവിയിലേക്കുള്ളചൂണ്ടു വിരലായിട്ടാണ്


റെഡ് അലർട്ട്
ആഗസ്റ്റ് 15 2018
1:30pm
NEWS 18
മലയാളം








Chungath
Chungath
















ഈ മനസ്സിന്
പ്രണാമം





YAMAHA






WELFARE PARTY
NO HUMAN
WITHOUT




ഞങ്ങൾ ലിറ്റിൽകൈറ്റ്